● ഗൗരി ലങ്കേഷ്

# കർണാടകവഴി ദക്ഷിണേന്ത്യയിൽ പിടിമുറുക്കാൻ സംഘ്പരിവാര തന്ത്രം



**വാഹനമോഷണക്കേസുമായി** ബന്ധപ്പെട്ട് ഈയിടെ കർണാടകയിൽ മൂന്നു യുവാക്കൾ അറസ്റ്റിലായി. അറസ്റ്റിനു പിറ്റേ ദിവസംതന്നെ രാജ്യമാകെ ആക്രമണം നടത്താൻ തയാറെടുക്കുന്ന ഭീകരന്മാരാകാം മൂവരുമെന്ന് തങ്ങൾ സംശയിക്കുന്നതായി പോലീസ് ഉദ്യോഗസ്ഥർ മാധ്യമങ്ങൾക്കു മുമ്പിൽ തട്ടി വിട്ടു. പ്രതികൾ മൂവരും മുസ്‌ലിം സമുദായക്കാരായിരുന്നു.

പോലീസിന്റെ ഈ 'സംശയ' പ്രകടനംതന്നെ പുതിയ കഥാ പരമ്പരകൾ എഴുതിക്കാച്ചിവിടാൻ മാധ്യമങ്ങൾക്ക് ധാരാളമായിരുന്നു. ഈ 'ഭീകരരെ' കേന്ദ്രീകരിച്ചുള്ള റിപ്പോർട്ടുകളും കഥകളും എഴുതാൻ സർവ ചാനലുകളും പ്രസിദ്ധീകരണങ്ങളും ഭ്രാന്തമായ മത്സരം തന്നെ തുടങ്ങി. 'പേരു പറയാത്ത പോലീസ് വൃത്തങ്ങൾ', 'അഭിജ്ഞ വൃത്തങ്ങൾ' തുടങ്ങിയവരെ ഉദ്ധരിച്ചായിരുന്നു ഈ ഊഹ കഥകൾക്ക് അവർ ആധികാരികത നൽകിയത്. സംസ്ഥാനത്തെ ഐ.ടി സെന്ററുകൾ, നിയമസഭാ മന്ദിരം(വിധാൻ സൗധ) തുടങ്ങി ഹിന്ദു ക്ഷേത്രങ്ങൾ വരെ ബോംബുവെച്ചു തകർക്കാനുള്ള ഗൂഢാലോചനയിലായിരുന്നു മൂന്നു യുവാക്കളുമെന്ന് മാധ്യമങ്ങൾ അടിച്ചിറക്കി.

ലശ്കറെ ത്വയ്യിബ, സിമി തുടങ്ങിയ സംഘടനകളുമായി മാത്രമല്ല ഉസാമ ബിൻ ലാദനുമായി വരെ ഇവർക്ക് ഉറ്റ ബന്ധമുള്ളതായി സൂചനകളുണ്ടെന്നു ചില റിപ്പോർട്ടു കഥകളിൽ വെളിപ്പെടുത്തൽ ഉണ്ടായി. ഇവർ എ.കെ 47 കൈവശം വെക്കുക മാത്രമല്ല 'സ്ലീപിംഗ് സെല്ലു'കളിലേക്ക് (ആക്രമത്തിനു തക്കം പൂർത്തു കഴിയുന്ന ഗ്രൂപ്പുകൾ) ആയുധങ്ങൾ എത്തിച്ചുകൊണ്ടിരുന്നതായും മാധ്യമങ്ങൾ എഴുതിവിട്ടു.

ചില റിപ്പോർട്ടുകളിൽ 'സംശയിക്കപ്പെടുന്നു', 'സൂചനകളുണ്ട്' തുടങ്ങിയ വിശേഷണങ്ങൾ കണ്ടേക്കാമെങ്കിലും 'ആധികാരിക വൃത്തങ്ങളാണ്' വാർത്തയുടെ സ്രോതസ്സ് എന്ന് എല്ലാ റിപ്പോർട്ടർമാരും അവകാശപ്പെടുന്നുണ്ടായിരുന്നു. വായനക്കാർ എന്ന നിലയിൽ ഈ റിപ്പോർട്ടുകളിൽ സത്യത്തിന്റെ അംശം എത്രയുണ്ട് എന്നു നമുക്ക് ന്യായമായും ചോദിക്കാം. അതോ പലതും റിപ്പോർട്ടർമാരുടെ ഭാവന മാത്രമാണോ? നിരന്തരം അയോഗ്യത തെളിയിച്ചു വരുന്ന പോലീസ് നൽകുന്ന വിവരങ്ങളെ എത്രമാത്രം അവലംബിക്കാം? പ്രചാരം കൂട്ടാനുള്ള അല്ലെങ്കിൽ റേറ്റിംഗ് വർധിപ്പിക്കാനുള്ള പത്ര ചാനലുകളുടെ തക്കിടി വേലകൾ ഇത്തരം വാർത്ത ചമക്കലുകൾക്ക് ഹേതുവാകുന്നുണ്ടോ?

ഒന്നു രണ്ടു റിപ്പോർട്ടുകൾ ഇവക്ക് ഉദാഹരണങ്ങൾക്കായി പരിശോധിക്കാം. *ഉദയവാണി* എന്ന കന്നട ഭാഷാ പത്രത്തിൽ പ്രാധാന്യപൂർവം വന്ന റിപ്പോർട്ട് നോക്കുക: 'ഗിയാസുദ്ദീൻ, മുഹമ്മദ് ആസിഫ്, ഹഫീഫ് എന്നിവർ കഴിഞ്ഞ ഡിസംബറിൽ രഹസ്യയോഗം ചേർന്ന് ക്യൂബയിലെ മോണ്ടിസോറി ജയിലിലെ തടവുകാർക്കു നേരെ അമേരിക്ക നടക്കുന്ന പീഡനങ്ങളെ അപലപിച്ചു. യോഗത്തിൽ പാസ്സാക്കിയ പ്രമേയത്തിന്റെ കോപ്പികൾ അന്വേഷണോദ്യോഗസ്ഥർ കണ്ടെത്തുകയുണ്ടായി.' നിരവധി സീനിയർ ജേർണലിസ്റ്റുകൾ ജോലി ചെയ്യുന്ന പ്രമുഖ പത്രസ്ഥാപനമാണ് *ഉദയവാണി.* എന്നിട്ടും ഈ റിപ്പോർട്ടിലെ പ്രകടമായ സ്ഖലിതങ്ങൾ പോലും അവരിലൊരാളും കണ്ടുപിടിച്ചില്ല. അമേരിക്ക നടത്തുന്ന തടവറ 'ഗ്വാണ്ടനാമോ' ആണെന്ന് കൊച്ചുകുട്ടികൾക്കു പോലുമറിയാം. 'മോണ്ടിസോറി' എന്നത് വിദ്യാഭ്യാസ പദ്ധതിയാണെന്ന കാര്യം പത്രപ്രവർത്തകരെ ഓർമിപ്പിക്കേണ്ടതുണ്ടോ? എക്സ്ക്ലുസീവുകൾക്കുവേണ്ടിയുള്ള വെപ്രാളങ്ങൾക്കിടയിൽ ഇത്തരം വസ്തുതാപരമായ തെറ്റുകൾ പരിശോധിക്കാൻ സമയമെവിടെ?

ഇനി മറ്റൊരു പ്രശ്നം. തടവുകാരെ പീഡിപ്പിക്കുന്ന അമേരിക്കൻ നയത്തെ അപലപിക്കുന്നത് ഇത്രവലിയ പാതകമാണോ? അമേരിക്കയെ അപലപിക്കുന്നതോടെ ഒരാൾ ഭീകരവാദിയാകുമോ? ഇത്തരം ചോദ്യങ്ങളൊന്നും മാധ്യമങ്ങൾ പ്രസക്തങ്ങളായി കരുതുന്നില്ലെന്നു തോന്നുന്നു. ഇനി *ടൈംസ് ഓഫ് ഇന്ത്യ*യിലെ ഒരു റിപ്പോർട്ട് വായിക്കുക:

**നിസ്സാര സംഭവങ്ങളെപ്പോലും ഊതിവീർപ്പിച്ച് വൈകാരികമായി ഫാഷിസ്റ്റ് രാഷ്ട്രീയം കർണാടകയിൽ ചുവടുറപ്പിക്കുന്നതിനെക്കുറിച്ച്**

'വാഹന മോഷണക്കേസിൽ പിടിയിലായ ഗിയാസുദ്ദീന്റെയും മുഹമ്മദ് ആസിഫിന്റെയും പെരുമാറ്റം ജയിൽ വാർഡൻ ശ്രദ്ധിച്ചു. ഇരുവരും ചെറിയ ശബ്ദത്തിലാണ് പരസ്പരം സംസാരിക്കാറുള്ളതെന്ന് വാർഡനു മനസ്സിലായി. നിത്യവും അഞ്ചുനേരം നമസ്കരിക്കുന്നുമുണ്ട്. പരസ്പരം ഇംഗ്ലീഷിലാണ് സംസാരിക്കുന്നത്. ജയിലിൽ ദേശീയ പതാക ഉയർത്തിയിരുന്നു. എന്നാൽ ദേശീയ പതാകയോട് ഇവർക്ക് ബഹുമാനമില്ലെന്നു തോന്നുന്നു. ഈ സംശയങ്ങളെല്ലാം വാർഡൻ മേലധികാരികളോടു പറഞ്ഞു. അവരെ നന്നായി ചോദ്യം ചെയ്തപ്പോഴാണ് അവർ ഭീകര പദ്ധതികളെക്കുറിച്ച് സൂചന നൽകിയത്. ഇരുവരുടേയും പെരുമാറ്റം സൂക്ഷ്മമായി നിരീക്ഷിക്കാൻ ആ വാർഡൻ തയാറായിരുന്നില്ലെങ്കിൽ പ്രതികളെ ചിലപ്പോൾ പോലീസ് വെറുതെ വിട്ടുകളയുമായിരുന്നു.' ഈ റിപ്പോർട്ട് എന്റെ മനസ്സിൽ ഉണർത്തിയ സംശയങ്ങൾ ഇവിടെ പങ്കുവെക്കട്ടെ: ചെറിയ ശബ്ദത്തിൽ സംസാരിക്കുന്നത് കുറ്റകരമാണോ? ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തുന്നത് എന്നുമുതൽക്കാണ് പാതകമായി മാറിയത്? നിത്യവും അഞ്ചുനേരം പ്രാർഥിക്കുന്നത് സംശയകരമായ നടപടിയാണോ?

മാധ്യമങ്ങൾ ഇവിടം കൊണ്ടും അവസാനിപ്പിച്ചില്ല. 'പ്രതികളുടെ പക്കൽ മതപുസ്തകങ്ങൾ കണ്ടെത്താൻ കഴിഞ്ഞു' എന്ന് എല്ലാ പത്രമാസികകളും എഴുതി. 'പല വിദ്യാർഥികളുമായും പ്രതികൾക്ക് ബന്ധം' ഉണ്ടായിരുന്നു എന്നാണ് മറ്റൊരു റിപ്പോർട്ട്. പോലീസ് ആ വഴിക്കുള്ള അന്വേഷണം തുടങ്ങുകപോലുംചെയ്യും മുമ്പേ ആയിരുന്നു ഈ ബന്ധ വിശദീകരണം. മാധ്യമങ്ങളുടെ ഈ അതി സക്രിയതക്ക് ഫലമുണ്ടായില്ലെന്നു പറയാൻ വയ്യ! വാഹന മോഷണക്കേസിലെ ഈ മൂന്നു പ്രതികൾക്കും സമീപകാല ഇന്ത്യകണ്ട ഏറ്റവും കൊടിയ ഭീകരവാദികൾ എന്ന പരിവേഷം ലഭ്യമാക്കാൻ മാധ്യമങ്ങൾക്കു സാധിച്ചു.

'പ്രതികൾ ഭീകരരാണ് എന്ന് സ്ഥാപിക്കുന്ന ഒറ്റത്തെളിവും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല' എന്ന് അഡീഷണൽ ഡി.ജി.പി ശങ്കർ ബിദ്‌രി ചാനലുകൾക്കു മുമ്പിൽ വിശദീകരണം നൽകിയ ശേഷവും വാർത്തകൾ കെട്ടിച്ചമക്കുന്ന പരിപാടി അവസാനിപ്പിക്കാൻ മാധ്യമങ്ങൾ കൂട്ടാക്കിയില്ല. വ്യാജ ഭീകരാരോപണത്തിന് ഇരയായി ആസ്ത്രേലിയൻ ജയിലിൽ കഴിയേണ്ടിവന്ന ഡോ. ഹനീഫിന്റെ കഥപോലെയാവും ഇതിന്റെയും പരിണാമമെന്നും നിരപരാധികളെ ഭീകരരാക്കരുതെന്നും ഡി.ജി.പി മാധ്യമങ്ങളെ ഉപദേശിച്ചിരുന്നു.

അന്വേഷണങ്ങൾക്കും ചോദ്യം ചെയ്യലുകൾക്കും പോലീസും വിധിപ്രസ്താവനക്ക് നീതിപീഠങ്ങളും ഉണ്ടായിരിക്കെ മാധ്യമങ്ങൾ ഇത്രയേറെ അതിശുഷ്കാന്തി പ്രകടിപ്പിക്കേണ്ടതുണ്ടോ? യഥാർഥത്തിൽ മാധ്യമങ്ങളെ ഭീകരഫോബിയ ഗ്രസിച്ചിരിക്കുകയാണ്. അപ്പോൾ പിന്നെ കാവിപ്പടയുടെ കാര്യം പ്രത്യേകം പരാമർശിക്കേണ്ടതുണ്ടോ? പ്രശസ്ത എഴുത്തുകാരൻ യു.ആർ അനന്തമൂർത്തിയേയും പിന്നാക്ക വിഭാഗം കമീഷൻ ചെയർമാൻ സി.എസ് ദ്വാരകാനാഥിനെയും തെരഞ്ഞുപിടിച്ച് വേട്ടയാടിക്കൊണ്ടിരിക്കുകയാണിപ്പോൾ സംഘ്പരിവാരം.

യു.ആർ അനന്തമൂർത്തി 40 വർഷം മുമ്പ് എഴുതി പ്രസിദ്ധീകരിച്ച 'സംസ്കാര' എന്ന നോവലിൽ ആഭാസകരമായ പരാമർശങ്ങൾ ഉണ്ടെന്നും അവ സർവകലാശാലകളിൽനിന്ന് പിൻവലിക്കണമെന്നും ആവശ്യപ്പെട്ടാണ് കാവിപ്പടയുടെ ഇപ്പോഴത്തെ പ്രചാരണം. പ്രസിദ്ധീകരണ കാലത്ത് ബ്രാഹ്മണ വിരുദ്ധമെന്ന ചെറിയ വിമർശനങ്ങൾ ഉന്നയിക്കപ്പെട്ടിരുന്നെങ്കിലും അതെല്ലാം കെട്ടടങ്ങുകയും നോവലിനെ അധാരമാക്കി ഒരുക്കിയ സിനിമ നിരവധി പ്രേക്ഷകരെ ആകർഷിക്കുകയുമുണ്ടായി. (ഈ ചലച്ചിത്രം കർണാടകത്തിൽനിന്ന് ആദ്യമായി ദേശീയ അവാർഡിനും അർഹമായി). പല ഇന്ത്യൻ സർവകലാശാലകളിലും 'സംസ്കാര' പാഠപുസ്തകമാണ്. അനന്തമൂർത്തിക്കും നോവലിനുമെതിരായ സംഘ്പരിവാര പ്രചാരണങ്ങളുടെ പ്രേരണ ഗ്രഹിക്കാൻ മറ്റൊരു നോവലിന്റെ കഥകൂടി ഗ്രഹിക്കണം. മുസ്‌ലിംകളെ വർഗീയവാദികളും മതഭ്രാന്തന്മാരുമായി മുദ്രകുത്തുന്ന 'അവർണ' എന്ന നോവൽ. സംഘ്പരവാര പാളയക്കാരനായ എസ്.എൽ ഭൈരപ്പ ഈ നോവൽ രചിച്ചത്. അർധസത്യങ്ങളും ഭാവനയും ഇടകലർത്തി രചിച്ച കൃതി, ചരിത്ര നോവൽ എന്ന നിലയിൽ സംഘ്പരിവാരം ഏറ്റെടുത്ത് വൻതോതിൽ പ്രചരിപ്പിച്ചു വരികയാണിപ്പോൾ. രാജ്യത്തെ പ്രശ്നങ്ങൾക്കെല്ലാം പിന്നിൽ മുസ്‌ലിം സമൂഹമാണെന്നും ഇന്ത്യയിലെ മുൻ മുസ്‌ലിം ഭരണാധികാരികൾ തികഞ്ഞ ഹൈന്ദവ പീഡനങ്ങളായിരുന്നു നടത്തിവന്നതെന്നും എഴുതി പിടിപ്പിച്ച നോവൽ, മുസ്‌ലിംകൾക്കെതിരെ ഹൈന്ദവവികാരം രാകി മിനുക്കുന്ന വിഷം വമിപ്പിക്കുന്ന കൃതിയാണെന്ന് ഇതിനകം ബുദ്ധിജീവികൾ ചൂണ്ടിക്കാട്ടുകയുണ്ടായി. മുസ്‌ലിംകളെയും മുസ്‌ലിം ബുദ്ധിജീവികളെയും മാത്രമല്ല കാവിപ്പടയുടെ വിശാല പ്രത്യയശാസ്ത്രത്തെ എതിർക്കുന്ന ഇടതുപക്ഷ ചിന്തകന്മാർ, മതേതരവാദികൾ, ചരിത്രകാരന്മാർ തുടങ്ങിയവരേയും 'അവർണ' അക്രമണത്തിനിരയാക്കുന്നു. പുസ്തകത്തെ മഹത്തായ കൃതി എന്ന് പ്രസാധന വേളയിൽ സംഘ്പരിവാരം വാഴ്ത്തിപ്പാടുകയുണ്ടായി. അതേ സാഹിത്യത്തിന്റെ പ്രഛന്ന വേഷമണിഞ്ഞ വർഗീയത നീക്കമെന്നാണ് പുരോഗമന ബുദ്ധിജീവികൾ ഈ കൃതിയെ വിശേഷിപ്പിക്കുന്നത്.

നോവലിന്റെ പേരിൽ ഭൈരപ്പ പരസ്യമായി അപലപിക്കാൻ അന്തമൂർത്തി രംഗത്തുണ്ടായിരുന്നു. ഇത് സംഘ്പരിവാരത്തെ ക്ഷുഭിതരാക്കി. *വിജയകർണാടക* എന്ന ദിനപത്രം (*ടൈംസ് ഓഫ് ഇന്ത്യ* ഗ്രൂപ്പാണ് ഉടമകൾ) അനന്തമൂർത്തിക്കെതിരെ എസ്.എം.എസ് വഴി പ്രചാരണം തന്നെ അഴിച്ചുവിട്ടു. സംഘ്പരിവാര ജിഹ്വയായി മാറിയ പത്രം വായനക്കാരുടെ അഭിപ്രായം എന്നനിലയിൽ രണ്ടു പേജ് നിറയെ നിന്ദ്യ പരാമർശങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടും അനന്തമൂർത്തിയെ ദ്രോഹിച്ചു.

അനന്തമൂർത്തിക്കെതിരായ ആക്രമണത്തെ പ്രതിരോധിച്ചുകൊണ്ടും 'അവർണ'യിലെ വർഗീയത തുറന്നു കാട്ടിയും ഒരു സംഘം എഴുത്തുകാർ പ്രബന്ധ സമാഹാരം പുറത്തിറക്കിയിരുന്നു. സംഘ്പരിവാരത്തിന്റെ ഇഷ്ട പുത്രനായ ഭൈരപ്പയെക്കൊണ്ട് ഇത്തരം കൂടുതൽ കൃതികൾ എഴുതിപ്പിക്കാനും 'അവർണ' ഇതര ഇന്ത്യൻ ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്ത് പ്രചരിപ്പിക്കാനുമാണ് പുതിയ സംഘ്പരിവാര പദ്ധതി.

സംഘ്പരിവാര അജണ്ടയെ നിശിതമായി ചോദ്യം ചെയ്യുകയും അവരുടെ എഴുത്തുകാരനായ ഭൈരപ്പയെ വിമർശിക്കുകയും ചെയ്തതിന്റെ പേരിൽ അനന്തമൂർത്തിയുടെ 'സംസ്കാര' ആഭാസകരമാണെന്നു പ്രചരിപ്പിച്ച് പാഠ്യപദ്ധതിയിൽനിന്ന് നീക്കം ചെയ്യാനുള്ള പ്രചാരണവും സംഘ്പരിവാർ മുറയ്ക്ക് നടത്തുന്നു. അനന്തമൂർത്തിയുടെ നോവലിനെ

തിരെ ഒരു സംഘം ലക്ചറർമാരെ സംഘ ടിപ്പിച്ച് സർവകലാശാലാധികൃതർക്ക് നിവേദനംവരെ നൽകിക്കഴിഞ്ഞു.

ഇതിനു സമാന്തരമായി പിന്നാക്ക കമീഷൻ ചെയർമാൻ ദ്വാരകാനാഥിനെ തിരെയും വർഗീയ ശക്തികൾ പ്രചാരണ മഴിച്ചുവിടുന്നുണ്ട്. ഫെബ്രുവരി ആദ്യ വാരം ദ്വാരകാനാഥും പിന്നാക്ക കമീഷൻ അംഗങ്ങളും കൂർഗിൽ സന്ദർശനം നട ത്തിയിരുന്നു. അവിടുത്തെ പിന്നാക്ക വിഭാഗത്തിന്റെ സ്ഥിതിഗതികൾ വിലയി രുത്തുകയായിരുന്നു ലക്ഷ്യം. അതിനിടെ കമീഷനിലെ ചില അംഗങ്ങൾ കാവേരി നദിയുടെ ഉത്ഭവ സ്ഥാനമായ തലക്കാവേ രി സന്ദർശിക്കാനും സമയം കണ്ടെത്തി. തലക്കാവേരിയിലെ ക്ഷേത്രാധികൃതർ എന്തുകൊണ്ട് ദ്വാരകാനാഥിനെ കൂടി കൊണ്ടുവന്നില്ല എന്നാരായുകയുണ്ടായി. തലക്കാവേരിയിലെ പുണ്യജലം അദ്ദേഹ ത്തിനും രുചിക്കാൻ അവസരം ഉണ്ടാ വേണ്ടേ എന്നും ക്ഷേത്രാധികൃതർ ചോദി ച്ചു. ദ്വാരകാനാഥ് അത്തരം വിശ്വാസങ്ങളി ല്ലാത്ത വ്യക്തിയാണെന്നും സംഘ ാംഗങ്ങൾ മറുപടി നൽകി. ഈ സംഭവങ്ങ ളൊന്നും ദ്വാരകാനാഥിന് അറിയുമായിരു ന്നില്ല. പക്ഷേ, അതിനകം ദ്വാരകാനാഥ് വിശുദ്ധജലം അംഗീകരിക്കുന്നില്ലന്ന വാർത്ത കാട്ടുതീപോലെ പ്രചരിപ്പിക്കപ്പെ ട്ടു. പിറ്റേന്നു അദ്ദേഹത്തിന്റെ ഓഫീസിനു മുമ്പിൽ ബി.ജെ.പി എം.എൽ.എയുടെ നേതൃത്വത്തിൽ നാടൻ മദ്യം കഴിച്ച വീര്യ ത്തിൽ വലിയ ജനക്കൂട്ടം തടിച്ചുകൂടി. 'ദ്വാരകാനാഥ് കാവേരിയെ നിന്ദിക്കുന്നു, ഹിന്ദുവികാരങ്ങളെ വ്രണപ്പെടുത്തുന്നു. കർണാടക വിരുദ്ധനായി മാറുന്നു' എന്ന് ഈ സംഘം ആർത്തട്ടഹസിച്ചു.

സമാധാനപൂർണമായ ദ്വാരകാനാ ഥിന്റെ വിശദീകരണങ്ങൾക്ക് ചെവി നൽകാൻ ഉന്മത്തരായ ആ ജനക്കൂട്ടം തയാറായില്ല. അവർ കൊക്കക്കോള കുപ്പി യിൽ കൊണ്ടുവന്ന 'തലക്കാവേരി ജലം' അദ്ദേഹത്തെ നിർബന്ധിച്ചു കുടിപ്പിച്ചു. ആ രംഗം ടി.വി കാമറയിൽ പകർത്തി ചാനലുകൾ വഴി സംപ്രേഷണം ചെയ്തു. ഹിന്ദുവികാരങ്ങളെ വേദനിപ്പി ച്ചതിൽ ദ്വാരകാനാഥ് മാപ്പു പറഞ്ഞു എന്ന വ്യാജവാർത്തയും സംഘം പത്ര ങ്ങൾക്കു നൽകി.

മൂന്നു യുവാക്കളുടെ അറസ്റ്റ്, അന ന്തമൂർത്തി വിരുദ്ധ പ്രചാരണം, ദ്വാരക നാഥ് കൈയേറ്റം എന്നീ മൂന്നു സംഭവങ്ങ ളിലൂടെയും സംസ്ഥാനം എത്രയേറെ കാവിവത്കരിക്കപ്പെടുന്നെന്നും അവ യിൽ മാധ്യമങ്ങൾ എത്രമാത്രം പങ്കാളിക ളാണെന്നും ഏറെ സ്പഷ്ടമാകുന്നുണ്ട്. സർവകലാശാലകൾ പോലും ഹിന്ദുത്വ ബ്രിഗേഡിനു തലകുനിക്കുന്ന ദുരവസ്ഥ. ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളി ലാണ് ഇത്തരം സംഭവങ്ങൾ അരങ്ങേറു ന്നത് എങ്കിൽ അവ ന്യായീകരിക്കപ്പെ ടാമായിരുന്നു. രാഷ്ട്രപതി ഭരണത്തിൻ കീഴിലുള്ള സംസ്ഥാനത്താണ് ഈ കോപ്രായങ്ങൾ. ഹിന്ദുക്കളിലെ പുരോഗ മന വാദികളെ നക്സലുകൾ എന്നും മുസ്ലിംകളിലെ പുരോഗമന വാദികളെ 'ഇസ്ലാമിക ഭീകരർ' എന്നും ചാപ്പ കുത്തി ഒറ്റപ്പെടുത്താനുള്ള ശ്രമങ്ങളാണ് അരങ്ങേറിക്കൊണ്ടരിക്കുന്നത്.

പോലീസും ഭരണനിർവഹണ രംഗ ത്തുള്ളവരും സംഘ്പരിവാറിനു തുണ നിൽക്കുന്നു. നിസ്സാര കേസുക ളിൽപോലും മുസ്ലിം യുവാക്കൾ അറസ്റ്റു ചെയ്യപ്പെടുന്നു. അതേസമയം വലിയ കേസുകളിൽനിന്നുപോലും ഹിന്ദുത്വവാദികൾ രക്ഷപെടുന്നു.

ദക്ഷിണേന്ത്യയിൽ പിടിമുറുക്കാ നുള്ള കവാടമാക്കി കർണാടകയെ മാറ്റി ക്കൊണ്ടിരിക്കുകയാണ് സംഘ്പരിവാരം. അവർ വിദ്വേഷത്തിന്റെ വിത്തുകൾ പാകി ക്കഴിഞ്ഞു. തെരഞ്ഞെടുപ്പ് അടുക്കാറായി രിക്കെ മെച്ചപ്പെട്ട വിള പ്രതീക്ഷിക്കുകയാ ണവർ.

ബി.ജെ.പിയെ പിന്തുണച്ച് ജനതാ ദൾ(എസ്) രാഷ്ട്രീയ സ്വയം ഹത്യവരി ക്കുകയും കോൺഗ്രസ് അലംഭാവ നയ ത്തിൽ മൂടിപ്പുതച്ച് കഴിയുകയും ചെയ്ക. കർണാടക ദക്ഷിണേന്ത്യയിലെ ഗുജറാ ത്തായി മാറുമോ എന്ന ആശങ്കയാണ് ബലപ്പെടുന്നത്. ■

(*ലങ്കേഷ് പത്രിക*യുടെ
എഡിറ്ററാണ് ലേഖകൻ)
**വിവ: വി.പി.എ അസീസ്**

>>